# കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് പി. എസ്. സി. യുടെ അംഗീകാരത്തോടെ അദ്ധ്യാപക/അനദ്ധ്യാപകരുടെ സർവ്വീസ് ക്രമീകരണം—അംഗീകരിച്ച് ഉത്തരവാകുന്നു

## പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്

സ. ഉ. (എംഎസ്) നമ്പർ 2/2010/പൊ.വി.വ. തിരുവനന്തപുരം, 2010 ജനുവരി 2.

പരാമർശം:—(1) 6-10-1995-ലെ ജി. ഒ. (എംഎസ്.) നമ്പർ 218/95/എൽ.എ.ഡി.

(2) 4-6-1998-ലെ ജി. ഒ. (എംഎസ്.) നമ്പർ 123/98/എൽ.എ.ഡി.

(3) 3-4-2000-ലെ ജി. ഒ. (പി) നമ്പർ 110/2000/പൊ.വി.വ.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധീനതയിൽ പ്രൈമറി, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി 104 സ്കൂളുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. നിലവിലുള്ള കെ. ഇ. ആർ. വ്യവസ്ഥകൾ അനുസരിച്ച് സ്വകാര്യ സ്കൂളുകൾക്ക് നൽകിയിട്ടുള്ള എയ്ഡഡ് സ്കൂൾ പദവി ആണ് ഈ സ്കൂളുകൾക്കുള്ളത്. പരാമർശം-1 പ്രകാരം പഞ്ചായത്തുകളുടെയും പരാമർശം-2 പ്രകാരം നഗരസഭകളുടെയും അധീനതയിലുള്ള സ്കൂളുകളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്ത് ഉത്തരവായിരുന്നു.

2. പി. എസ്. സി. ലിസ്റ്റിൽനിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ നിയമിക്കപ്പെടുന്നവർക്ക് അതേ ലിസ്റ്റിൽനിന്ന് സർക്കാർ സ്കൂളുകളിൽ നിയമിക്കപ്പെടുന്നവർക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നതും ഇത്തരം അദ്ധ്യാപകർ ഡിവിഷൻ കുറവ് വരുമ്പോൾ തസ്തിക നഷ്ടപ്പെട്ട് പുറത്താക്കപ്പെടുന്നതും സ്ഥലംമാറ്റം തുടങ്ങിയ കാര്യങ്ങളിൽ വിവേചനം നിലനിൽക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചു. ഇത്തരം സ്കൂളുകൾ സാങ്കേതികാർത്ഥത്തിൽ മാത്രമാണ് എയ്ഡഡ് സ്കൂളുകളായി നിലനിൽക്കുന്നത്. സർക്കാർ സ്കൂളുകളിലെപ്പോലെ പി.എസ്.സി. വഴി നിയമനം നടത്തുകയും ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും സർക്കാർ വഹിക്കുകയും ചെയ്യുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ സ്കൂളുകൾക്ക് ലഭിക്കുന്ന പരിഗണന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾക്ക് ലഭിക്കുന്നില്ല. ഇത്തരം സ്കൂളുകൾക്ക് സർക്കാർ സ്കൂളുകളുടെ പദവി നല്കുമ്പോൾ അധിക സാമ്പത്തിക ബാദ്ധ്യത വരുന്നില്ല. അതിനാൽ ഇത്തരം സ്കൂളുകളിലെ ജീവനക്കാർ നേരിടുന്ന വിവേചനം പരിഹരിക്കാൻ സർക്കാർ തീരുമാനിച്ചു.

4. പഞ്ചായത്ത്/നഗരസഭാ സ്കൂളുകളിൽ നിലനിൽക്കുന്ന സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ പഞ്ചായത്ത്/നഗരസഭാധീനതയിലുള്ള 104 സ്കൂളുകളും സർക്കാർ ഏറ്റെടുക്കാനും പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്ന അംഗീകൃത അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ പി.എസ്.സി.-യുടെ അംഗീകാരത്തിന് വിധേയമായി സർക്കാർ സ്കൂൾ ജീവനക്കാരായി സർവ്വീസ് ക്രമീകരിക്കാനും അനുമതി നല്കി ഉത്തരവാകുന്നു. പ്രസ്തുത ജീവനക്കാരുടെ പ്രൊമോഷൻ, ഗ്രേഡ്, സീനിയോറിറ്റി തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം പി.എസ്.സി.-യുടെ അംഗീകാരത്തിന് വിധേയമായി പിന്നീട് തീരുമാനിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
*സെക്രട്ടറി.*

*പകർപ്പ്:—*

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (with covering letter).

തദ്ദേശ സ്വയംഭരണ വകുപ്പ് (ഫയൽ നമ്പർ 24829/ഇ.പി.എ1/07/എൽ.എസ്.ജി.ഡി. തീയതി 7-2-2008.

ധനകാര്യ വകുപ്പ് (ഫയൽ നമ്പർ 14456/എഡ്യു.ബി./09/ധന. തീയതി 19-3-2009.

ഡയറക്ടർ, ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം.

പൊതുഭരണ (എസ്. സി.) വകുപ്പ്.

വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.